**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2495** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായി വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വിദേശത്ത് നിന്ന് മടങ്ങി വരുന്ന പ്രവാസികൾക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ; | (എ) | വിദേശത്തു നിന്നും മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിലും കോവിഡ് സാഹചര്യത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയിലൂടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിൽ നൽകി വരുന്ന 20% സബ്സിഡി 25% സബ്സിഡിയായി ഉയർത്തുകയും ടി വിഭാഗത്തിലേക്ക് പ്രവാസി സംരംഭകരുടെ യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സംരംഭക സഹായ പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടികൾ ആരംഭ ഘട്ടത്തിലാണ്. |
| (സി) | കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (സി) | കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിൽ പ്രത്യേക പ്രധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യും നോർക്കയും പ്രവാസി ഭദ്രതാ മെഗാ പദ്ധതി എന്ന പേരിൽ പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ